മലബാറിലെ ആയുർവ്വേദ പരീക്ഷാ ബിരുദങ്ങൾ.

* 1650 [20] ശ്രീമതി ശാരദാകുട്ടിയമ്മൻ: * താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ ആയുർവ്വേദ ബിരുദങ്ങൾക്ക് ശരിയായ അംഗീകാരം നൽകാതെയുണ്ടോ; ഉണ്ടെങ്കിൽ അങ്ങനെയുള്ള ബിരുദധാരികൾക്ക് ഗവണ്മെൻറ സർവ്വീസിൽ പ്രവേശിക്കാൻ സാധിക്കുന്നില്ലെന്ന ഗവണ്മെൻറ അറിയുമോ;

(ബി) ഇങ്ങനെയുള്ള അവശത പ്രസിദ്ധപ്പെട്ട കോട്ടയ്ക്കൽ, ഷൊർണ്ണൂർ, കണ്ണൂർ മുതലായ ആയുർവ്വേദ സ്ഥാപനങ്ങളിലെ ബിരുദധാരികൾക്ക് ഉണ്ടെന്നും അവരെ ഗവണ്മെൻറ സർവ്വീസിൽ എടുക്കുന്നില്ലെന്നും ഉള്ളത് ശരിയാണോ;

(സി) ആ ബിരുദധാരികൾക്ക് സ്വകാര്യമായി മരുന്നു കൈകാര്യം ചെയ്യുവാനും, പ്രാക്ടീസ് ചെയ്യുവാനും മാത്രമേ സാധിക്കുന്നുള്ളുവെന്നുള്ളത് ഗവണ്മെൻറിനറിയാമോ;

(ഡി) അവരെയും ഗവണ്മെൻറ സർവ്വീസിൽ എടുക്കുവാൻ പ്രസ്തുത ബിരുദങ്ങൾക്ക് വേണ്ടപ്പെട്ട അംഗീകാരം നൽകുവാൻ ഗവണ്മെൻറിന് ഉദ്ദേശമുണ്ടാകുമോ?

ആരോഗ്യവകുപ്പുമന്ത്രി (ഡാക്ടർ എ. ആർ. മേനോൻ):

(എ) ഇല്ല. മലബാറിലെ ആയുർവൈദ്യ ഡിപ്ലോമ ആയുർവ്വേദാചാര്യ വൈദ്യശിരോമണി മുതലായവ ആയുർവ്വേദ ബിരുദങ്ങളായി അംഗീകരിച്ചിട്ടുണ്ട്.

(ബി, സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

പുതിയതായി പ്രൈമറി സ്കൂളുകൾ തുറക്കുന്നതു സംബന്ധിച്ച തീരുമാനം.

* 1651. [21] ശ്രീ. എം. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1959-60 വർഷത്തിൽ പുതുതായി പ്രൈമറി സ്കൂളുകൾ തുറക്കുന്നതുസംബന്ധിച്ച് ഗവണ്മെൻറ് അവസാനമായി തീരുമാനിച്ചുകഴിഞ്ഞുവോ;

(ബി) ഉണ്ടെങ്കിൽ ആ തീരുമാനം എന്താണ്;

(സി) ബാലുശ്ശേരി ഫർക്കയിൽപ്പെട്ട "തലയാട്" ഒരു മോഡൽ പ്രൈമറിസ്കൂളിന് അനുവാദത്തിന്നപേക്ഷിച്ചുകൊണ്ട് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടിയെടുത്തു?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ, ബി) 1959-60 വർഷത്തിൽ പുതുതായി സ്കൂളുകൾ തുറക്കുന്നതല്ലെന്നു വച്ചിട്ടുള്ള തീരുമാനം ഇതുവരെ ഭേദപ്പെടുത്തിയിട്ടില്ല. 1958-59ൽ അനുവദിക്കാം കൊടുത്തിട്ടുള്ളതും എന്നാൽ ആ അനുവാദപ്രകാരം സ്കൂൾ തുറക്കാൻ സാധിക്കാതെ വന്നിട്ടുള്ളതുമായ സ്ഥലങ്ങളിൽ ഈ വർഷം സ്കൂൾ തുറക്കുന്ന കാര്യം ഗവണ്മെൻറ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(സി) ഇതിൻറ വിവരങ്ങൾ ശേഖരിച്ചുവരുന്നതേയുള്ളു.

ശ്രീ. എം. നാരായണക്കുറുപ്പ്: ബഹുമാനപ്പെട്ട മന്ത്രിതന്നെ വളരെ അത്യാവശ്യമായിട്ടുള്ള ചിലകേസുകളിൽ എലിമെൻററി സ്കൂളുകൾ അനുവദിക്കുന്ന കാര്യത്തെപ്പറ്റി പരിശോധിക്കാം എന്നു പറഞ്ഞു. ഒരു മലയോരപ്രദേശമായ തലയാട് ഈ ഗവണ്മെൻറിൻറെ എല്ലാ നിബന്ധനകളും അനുസരിക്കാൻ തയ്യാറുള്ള ഒരു എഡ്യൂക്കേഷൻ സൊസൈറ്റി അവിടെയുള്ളതുകൊണ്ട് അവിടെ ഒരു സ്കൂൾ അനുവദിക്കുന്നതിനെപ്പറ്റി പരിശോധിക്കുമോ.

* The question was put by Smt. Leela Damodara Menon.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് മുണ്ടശ്ശേരി: പ്രത്യേകിച്ച് പരിഗണിക്കാവുന്നതാണ്.

ശ്രീ. എം. നാരായണക്കുറുപ്പ്: ഈ കൊല്ലം യു. ഇ. ഒ. മാർക്ക് പലർക്കും ന്യായമായിട്ടുള്ള അപേക്ഷകൾ അയച്ചിട്ടുണ്ടെങ്കിലും ഗവണ്മെന്റ് ആവശ്യപ്പെട്ടാൽ മാത്രം അവർ ആ അപേക്ഷകൾ ഗവണ്മെന്റിലേയ്ക്ക് അയച്ചാൽ മതിയെന്നും അവരെ അറിയിച്ചിട്ടുള്ളതുകൊണ്ടും ഇങ്ങോട്ടയക്കാറില്ലെന്നുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അങ്ങനെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഏതായാലും ഈ മാതിരി പിന്നോക്കപ്രദേശങ്ങളെ പ്രത്യേകമായി പരിഗണിച്ച് ആ സ്ഥലങ്ങളിൽ പ്രൈമറിസ്കൂളുകൾ ഏർപ്പെടുത്താം എന്നൊരുനയം ഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ട്. ആ കൃത്യത്തിൽ ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശവും അംഗീകരിക്കാവുന്നതാണ്.

ശ്രീ. കെ. ഹസ്സൻകുനി: 1959-60-ൽ പ്രൈമറി സ്കൂളുകൾ അനുവദിക്കുന്നതിനായി അപ്ലിക്കേഷൻ ഫീസ് അപേക്ഷകരോടു വാങ്ങിക്കുവാൻ പ്രത്യേകമായി വല്ല അധികാരങ്ങളും കൊടുത്തിട്ടുണ്ടോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അതേപ്പറ്റി, ഈ അപേക്ഷകൾ പണ്ടേ കിട്ടിയിട്ടുള്ളതാണ്. പലതും അന്നു പരിഗണിച്ചുകൊടുക്കാൻ സാധിച്ചിട്ടില്ല. ആ അപേക്ഷകളിൽ ഈ പിന്നോക്കപ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം സ്കൂളുകൾ കൊടുക്കണോ എന്നു തീരുമാനിക്കുന്നതാണ്.

ശ്രീ. കെ. ഹസ്സൻകുനി: തീരുമാനം ആയിട്ടില്ലെങ്കിലും ഇപ്പോഴും പണം എടുക്കുന്നുണ്ട്. ആ പണം തിരിച്ചുകൊടുക്കാൻ ഓർഡർ പുറപ്പെടുവിക്കുമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഈ തിരിച്ചു കൊടുക്കാനുള്ള ഓർഡർ നോക്കിയാലേ പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: ഈ സ്കൂളുകൾ തുറക്കുന്നതിനു മുമ്പു അപ്ലിക്കേഷൻ അയക്കേണ്ടതു 1958 ആഗസ്തിലാണ്. അതനുസരിച്ചു അപ്ലിക്കേഷന്റെ ഫീസും കൂടി അടച്ചു കഴിഞ്ഞു. എന്നാൽ ഗവണ്മെന്റു ഇങ്ങനെ ഒരു പോളിസി രൂപീകരിച്ചു ഓർഡർ ഇഷ്യൂ ചെയ്യുന്നതു ഫെബ്രുവരി മാസത്തിലാണ്. അതുകൊണ്ടു ഗവണ്മെന്റിനു ഇങ്ങനെ സ്കൂൾ തുറക്കുന്നതിനായി അപേക്ഷകളോടുകൂടി അയച്ചിട്ടുള്ള ഫീസു മടക്കികൊടുക്കാൻ തയ്യാറുണ്ടോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അതു പരിശോധിച്ചേ പറയാൻ നിവൃത്തിയുള്ളൂ.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: ഹയർ സെക്കൻഡറി സ്കൂളുകളിൽ ലോവർ പ്രൈമറി ക്ലാസ്സുകൾതുടി തുടങ്ങാൻ അനുവദിക്കുമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: സാധാരണ ഗവണ്മെന്റു അങ്ങനെ അനുവദിക്കേണ്ട കാര്യമില്ല. അതു കൂടിയേ കഴിയൂ എന്നുള്ളിടത്തു പരിഗണിച്ചു വേണ്ടതു ചെയ്യാം.

ശ്രീമതി ലീലാദാമോദരമേനോൻ: ഹയർ സെക്കൻഡറി സ്കൂളുകളിൽ ലോവർ പ്രൈമറി ക്ലാസ്സുകൾ തുടങ്ങുന്നതിനു ഗവണ്മെന്റിനെ അറിയിക്കേണ്ടതില്ലെന്നാണോ ഞങ്ങൾ മനസ്സിലാക്കേണ്ടതു?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അങ്ങനെ ഞാൻ പറഞ്ഞില്ല. അങ്ങനെ ആവശ്യപ്പെട്ടു അപേക്ഷകൾ അയച്ചിട്ടുണ്ടെങ്കിൽ അതേപ്പറ്റി അന്വേഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: ബഹുമാനപ്പെട്ട മന്ത്രി ഇതിനുമുമ്പു പറഞ്ഞു ഹയർ എലിമെൻററി സ്കൂൾ തുടങ്ങാൻ അനുവാദം കൊടുക്കുകയില്ല എന്നു്. അങ്ങനെ വരുന്നതുകൊണ്ടു് ഈ ആണ്ടിൽ എട്ടാം തരത്തിൽ പഠിക്കുന്നതിനുള്ള സൗകര്യം കൊടുക്കാതിരുന്നാൽ പൊതുവെ വളരെ വിഷമത്തിൽ ഇടയാകുമെന്നുള്ള കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അതേ സംബന്ധിച്ചുള്ള വിഷമം വേറെ ഒന്നാണു്. സ്കൂളുകൾ തുടങ്ങേണ്ട അവസരത്തിൽ ഇന്നതിനെയെല്ലാം അവിടെ ചെയ്യണമെന്നു് ഏർപ്പെടുത്തിയിട്ടുണ്ടാകാം. എന്നാൽ ഒരു കൊല്ലം കഴിഞ്ഞിട്ടും അവിടെ ഒന്നും ചെയ്യുകയില്ല. അതു ശരിയായി നിർവ്വഹിക്കാത്ത സ്കൂളുകൾ ഇങ്ങനെ ഹയർ സ്റ്റാൻഡേർഡ് തുടങ്ങുന്നതെന്നു പറഞ്ഞിരിക്കാം.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: പറഞ്ഞിട്ടുള്ള കണ്ടിഷൻ എല്ലാം ഫുൾഫിൽ ചെയ്തിട്ടുള്ളവർക്കും ഏഴാം സ്റ്റാൻേറർഡ് കഴിഞ്ഞു എട്ടു തുറക്കുന്നതിനു് അനുവാദം കൊടുത്തിട്ടില്ല. അങ്ങനെയുള്ള തടസ്സങ്ങൾ മാററി ഉടൻ ക്ലാസുകൾ നടത്തുന്നതിനു് ഡയറക്ടർ നടപടി സ്വീകരിക്കുന്നുണ്ടോ എന്നുള്ളതു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അതൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. അബൂക്കാതർകുട്ടി നഹ: മലബാറിനെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിൻെറ ഈ മനോഭാവം വളരെ വിഷമമാണെന്നും അതുകൊണ്ടു് മലബാറിൽ പ്രൈമറിസ്കൂളുകൾ സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിക്കണമെന്നും വിചാരിക്കുന്നുണ്ടോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: മലബാറിൽ ലോവർ പ്രൈമറിസ്കൂളുകളുടെ എണ്ണം വളരെ അധികമാണു്. എന്നാൽ ചില പിന്നോക്കപ്രദേശങ്ങളുമുണ്ടു്. ആ പ്രദേശങ്ങൾക്കു് പ്രത്യേക പരിഗണന നൽകാവുന്നതാണു്.

കേരളത്തിലെ ജയിലുകൾ.

* 1652. [22] ശ്രീ. കെ. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജയിലുകളിൽ നടത്തുന്ന വ്യവസായങ്ങൾ ഏതെന്തെല്ലാം? ഈ ഇനത്തിൽ ആകെ എത്ര സംഖ്യ കഴിഞ്ഞവർഷം ജയിൽപ്പുള്ളികൾക്കു ലഭിച്ചു; കൂടുതൽ സമ്പാദ്യം ആർക്കായിരുന്നു; എത്ര സംഖ്യ;

(ബി) ജയിലിൽ ഇന്നു നടപ്പിലുള്ള ശിക്ഷകൾ ഏതെന്തെല്ലാം; അതു ശിക്ഷ ഇന്നു നടപ്പുണ്ടോ;

(സി) മലമൂത്രവിസർജ്ജനത്തിനുള്ള പ്രാകൃത ഏർപ്പാടുകൾ മാററി ഫ്ലഷ് ററിക്കു് ലട്രീൻസ് എല്ലാ ജയിലുകളിലും പണിയുവാൻ ഉദ്ദേശമുണ്ടോ?

നിയമവകുപ്പുമന്ത്രി (ശ്രീ. വി. ആർ. കൃഷ്ണയ്യർ):

(എ) വ്യവസായങ്ങൾ താഴെ പറയുന്നവയാകുന്നു:

നെയ്ത്തു്, മരപ്പണി, തുകൽവ്യവസായം, ഇരുമ്പു പണികൾ, കയറുണ്ടാക്കൽ, തയ്യൽ, തൽത്തൽപ്പു്, എണ്ണയാട്ടൽ, അച്ചടി, ബയൻറിംഗ്, കടലാസുണ്ടാക്കൽ, തേവിച്ചുവളത്തൽ, കൃഷിത്തോട്ടങ്ങളുണ്ടാക്കൽ.

1958–ൽ ആകെ 37,707.79 രൂപ താഴെൽവേതനമായി കൊടുത്തിട്ടുണ്ടു്. കൂടുതൽ തുക കിട്ടിയതു് വിയ്യൂർ സെൻട്രൽ ജയിലിലെ 44–ാംനമ്പർ തടവുകാരനായ ചാക്കോ എന്നു വിളിച്ചുവരുന്ന ജേക്കബ്ബിനായിരുന്നു. തുക 175.25 രൂപയായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly